മലയാള മനോരമ
Updated Monday, August 13, 2012 12:48 AM IST



# നാട്ടുവഴികളിലൂടെ താരവഴികളിലേക്ക്

മനോജ് മാത്യു
Story Dated: Monday, August 13, 2012 0:48 hrs IST






വോക്സ് സോഫ്റ്റ്‌വെയർ സൊലൂഷൻസ് ലിമിറ്റഡ് ഡയറക്ടർ മനാസ് സേവ്യർ മോഹൻലാലിനൊപ്പം.

കൊച്ചി ● ''ലാലേട്ടൻ വലിയ സ്വാതന്ത്ര്യം തന്നു. വെബ്സൈറ്റിൽ അദ്ദേഹത്തിന്റെ ബ്ലോഗ് കൃത്യമായി അപ്‌ലോഡ് ചെയ്യണമെന്ന നിർബന്ധം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എല്ലാ മാസവും ബ്ലോഗ് ഉണ്ടാകും. അദ്ദേഹത്തിന്റെ തന്നെ കൈപ്പടയിലെഴുതിയ ബ്ലോഗ് സമയത്തു തന്നെ എത്തും. ഞങ്ങൾ അത് അപ്‌ലോഡ് ചെയ്യും. കൂടാതെ, പുതിയ ഫോട്ടോകളും ചിത്രങ്ങളെക്കുറിച്ചുള്ള വിവരങ്ങളുമൊക്കെ തരും. അദ്ദേഹത്തിനു ഫേസ് ബുക്കിൽ അക്കൗണ്ട് ഉള്ളതിനാൽ സൈറ്റിൽ ഫേസ് ബുക് ലിങ്കും കൊടുത്തിട്ടുണ്ട്– വോക്സ് സോഫ്റ്റ്‌വെയർ സൊലൂഷൻസ് ലിമിറ്റഡ് ഡയറക്ടർ മനാസ് സേവ്യറിന്റെ വാക്കുകളിൽ ആഹ്ലാദം.

റബറും ജാതിയും പൈനാപ്പിളുമൊക്കെ വിളയുന്ന കോതമംഗലമാണു വോക്സ് സോഫ്റ്റ്‌വെയർ സൊലൂഷൻസിന്റെ ആസ്ഥാനം. വെള്ളിത്തിരയിലെ മലയാളി പ്രതിഭാസത്തിനു വേണ്ടി വെബ്സൈറ്റ് ഒരുക്കിയ കമ്പനി പിറന്നതു 2008 ൽ. മോഹൻലാലിന്റെ ഔദ്യോഗിക വെബ് സൈറ്റ് (www.thecompleteactor.com) ഡിസൈൻ ചെയ്തതു 2011 ലാണ്. സൈറ്റ് മെയിൻന്റെയിൻ ചെയ്യുന്നതും വോക്സ് തന്നെ.

''ലാലേട്ടന്റെ സൈറ്റ് നന്നായി ചെയ്യുവാൻ കഴിഞ്ഞുവെന്നാണു വിശ്വാസം. കഴിഞ്ഞ ദിവസം കണ്ണൂരിൽ പോയി അദ്ദേഹത്തെ കണ്ടിരുന്നു, ടെറിട്ടോറിയൽ ആർമിയുടെ പരിശീലനത്തിനിടെ. ലാലേട്ടന്റെ സൈറ്റുമായി ബന്ധിപ്പിച്ച് ഇന്ത്യൻ ആർമിക്കു വേണ്ടി ഒരു വെബ്സൈറ്റും തുറന്നു. നമ്മുടെ സൈന്യത്തെക്കുറിച്ചുള്ള വിവരങ്ങൾ ആ സൈറ്റിൽ നിന്നു കിട്ടും. സംവിധായകൻ ശ്രീക്കുട്ടന്റെ വെബ്സൈറ്റ് ഡിസൈൻ ചെയ്തതും ഞങ്ങളാണ് – മനാസ് പറയുന്നു.

**● പുലരും വരെ ജോലി**

കമ്പനിയുടെ തുടക്കകാലത്ത് ഏറെ കഷ്ടപ്പെട്ടുവെന്നു പറയുന്നു, മനാസ്. ''പലപ്പോഴും പുലർച്ചെ മൂന്നു മണി വരെയൊക്കെ ജോലി ചെയ്തിട്ടുണ്ട്. പുതിയ കമ്പനിയായതിനാൽ ക്ലയന്റ്സിനെ കിട്ടുക എളുപ്പമായിരുന്നില്ല. നന്നായി അധ്വാനിച്ചശേഷമാണു കമ്പനിയെ ബ്രാൻഡ് ചെയ്യാനായത്. ഞങ്ങൾ ചെയ്ത പ്രോജക്ടുകൾ ക്ലയന്റ്സ് ഇഷ്ടപ്പെട്ടു. പിന്നീട്, അവർ തന്നെയാണു ഞങ്ങളുടെ കമ്പനിയെക്കുറിച്ചു പലരോടും നല്ല വാക്കുകൾ പറഞ്ഞത്. അനുഭവസ്ഥരുടെ ശുപാർശ ഗുണം ചെയ്തു. ഇപ്പോൾ, ധാരാളം പ്രോജക്ടുകൾ കിട്ടുന്നുണ്ട്; അങ്ങോട്ടു ചോദിക്കാതെ തന്നെ – മനാസിന്റെ വാക്കുകൾ. വെബ് ആപ്ലിക്കേഷനുകളാണു വോക്സിന്റെ ഫോക്കസ് ഏരിയ. ട്രാൻസ്പോർട്, ഹോസ്പിറ്റൽസ്, കാർഗോ, പ്രോപ്പർടി, ടൂറിസം മാനേജ്മെന്റ് തുടങ്ങി ഒട്ടെല്ലാ മേഖലകൾക്കും വേണ്ടി വോക്സ്

OTHER STORIES IN THIS SECTION

- രാജ്യത്ത് എടിഎം ലക്ഷത്തിലേറെ
- വിലക്കയറ്റത്തോതിൽ അൽപം ശമനം
- ഊഞ്ഞാലാട്ടാൻ കയർഫെഡ് റെഡി
- മാരുതി മാനേസർ ഫാക്ടറി ചൊവ്വാഴ്ച തുറന്നേക്കും
- കാൾ സ്ലിം ടാറ്റാ മോട്ടോഴ്സ് മാനേജിങ് ഡയറക്ടർ

More stories

പ്രോഗ്രാമുകൾ ഒരുക്കുന്നു. കൂടാതെ, ഓൺലൈൻ മാർക്കറ്റിങ്ങും മൂവി പ്രമോഷനുമൊക്കെ വോക്സിന്റെ സേവന മേഖലകളിൽപ്പെടുന്നു.

**● കുട്ടിക്കാലം മുതൽ**

നാട്ടുവഴികളിൽ രൂപപ്പെട്ട സൗഹൃദമാണു വോക്സ് സോഫ്റ്റ്‌വെയർ സൊലൂഷൻസിനു വിത്തിട്ടത്. കോതമംഗലം സ്വദേശി തന്നെയായ എൽദോസ് വർഗീസാണു കമ്പനിയുടെ മാനേജിങ് ഡയറക്ടർ. അബുദാബി ആസ്ഥാനമായി പ്രവർത്തിക്കുന്ന എൽദോസാണു കമ്പനിയുടെ വിദേശ മാർക്കറ്റിങ് ജോലികൾ നിർവഹിക്കുന്നത്; എംഎസ്‌സി ഐടി ബിരുദധാരി. ബിബിഎ ബിരുദധാരിയായ മനാസിന് സോഫ്റ്റ്‌വെയർ എൻജിനീയറിങ്ങിൽ ഹയർ ഡിപ്ലോമയുമുണ്ട്.

‘‘ ഞങ്ങൾ കുട്ടിക്കാലം മുതൽ സുഹൃത്തുക്കളായിരുന്നു. പരസ്പര ധാരണയോടെ പ്രവർത്തിക്കാനും അതു സഹായിക്കുന്നു. എൽദോസ് അബുദാബിയിലാണെങ്കിലും ഞങ്ങൾ നിത്യവും ബിസിനസ് കാര്യങ്ങൾ ചർച്ച ചെയ്യും. പലപ്പോഴും രാത്രി എട്ടിനുശേഷമാകും സംസാരം. അതു ചിലപ്പോൾ രാത്രി 12 വരെയൊക്കെ നീളും. സ്വന്തം സംരംഭമെന്ന ആശയത്തോടു കുടുംബാഗംങ്ങൾക്കു യോജിപ്പായിരുന്നതിനാൽ എല്ലാവരും പിന്തുണച്ചു. ആരും നിരുത്സാഹപ്പെടുത്തിയില്ല. ഞങ്ങൾക്കു ബിസിനസ് വിജയിപ്പിക്കാൻ കഴിയുമെന്ന് അവർക്കു വിശ്വാസമുണ്ടായിരുന്നു – മനാസ് പറയുന്നു.

**● അബുദാബിയിലേക്ക്**

ഐടി കമ്പനികൾ തമ്പടിക്കുന്ന കൊച്ചിയിൽ നിന്ന് അകലെ കോതമംഗലം ആസ്ഥാനമാക്കിയ വോക്സ് അബുദാബിയിലും യൂറോപ്പിലും ഓഫിസ് തുറക്കാനുള്ള ശ്രമത്തിലാണ്. ഐടി കമ്പനിയായതു കൊണ്ടു സ്ഥലം പ്രശ്നമല്ലെന്നു പറയുന്നു, മനാസ്. കാക്കനാട്ടേക്കുള്ള ഹൈവേ സജ്ജമാകുന്നതോടെ കോതമംഗലം ഐടി ആസ്ഥാനവുമായി കൂടുതൽ അടുക്കും. കോതമംഗലത്തു മൂന്ന് എൻജിനീയറിങ് കോളജുകളാണുള്ളത്. മികച്ച ഉദ്യോഗാർഥികളെ കണ്ടെത്താൻ കഴിയുമെന്നതാണു നേട്ടം. ആറു പേരാണു വോക്സ് ടീമിൽ. രണ്ടു മാസത്തിനുള്ളിൽ ഏതാനും പേരെക്കൂടി നിയമിക്കുന്നതോടെ ടീം വലുതാകും.

manojmathew@mm.co.in

Print | E-mail | Share

Other sites :

About Us | Contact Us | Our Publications | Media Kit | Feedback | Font | Privacy | Career@Manorama

Powered by: manoramaonline.com

© Copyright 2012 Manoramaonline. All rights reserved.